بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 15.09.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## സയ്യിദഃ അമത്തുൽ ഖുദ്ദൂസ് സാഹിബ: യഥാർഥ ദൈവദാസി

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ۝ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۝ اَلرَّحۡمٰنِ الرَّحِیۡمِ ۝ مٰلِکِ یَوۡمِ الدِّیۡنِ ۝ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ۝ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۝ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ۝

ഈ ലോകത്തേക്ക് വരുന്ന ഏതൊരു മനുഷ്യനും ഒരു കാലഘട്ടം കഴിച്ചുകൂട്ടിയതിനുശേഷം ഈ ലോകത്തുനിന്ന് വിടപറയുക എന്നത് അല്ലാഹുവിന്റെ നിയമമാകുന്നു. എന്നാൽ സൗഭാഗ്യവാൻമാരായ ആളുകളുടെ നല്ല സ്മരണകൾ മാത്രം ഉണ്ടാകുന്നു. അവർ ജനക്ഷേമ താത്പരരും ദീനിനെ ദുനിയാവിനേക്കാൾ മുന്തിക്കുന്നതിനുള്ള കർമ്മ മാതൃകയും അല്ലാഹുവിന്റേയും റസൂലിന്റേയും കൽപനകൾ പ്രാവർത്തികമാക്കാൻ പരിശ്രമിക്കുന്നവരും ഹദ്റത് മസീഹ് മൗഊദ്(അ)നോട് ചെയ്ത ബൈഅത്തിന്റെ കടമകൾ നിറവേറ്റാൻ ശ്രമിക്കുന്നവരുമായിരിക്കും. അവർ അഹ്മദിയ്യാ ഖിലാഫത്തിനോട് ആത്മാർത്ഥ കൂറുള്ളവരും സമസൃഷ്ടികളോടുള്ള കടപ്പാടുകൾ കഴിവതും ചെയ്യുന്നതിന് ശ്രമിക്കുന്നവരും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി എപ്പോഴും പരിശ്രമിക്കുന്നവരുമായിരിക്കും. അവരെ കുറിച്ച് ആയിരക്കണക്കിന് നാവുകളിൽനിന്ന് സ്തുതി വചനങ്ങൾ മാത്രമേ വരുകയുള്ളു. അങ്ങനെ തിരുനബി(സ)ന്റെ വാക്കുകൾ അനുസരിച്ച് അവർക്ക് സ്വർഗം അനിവാര്യമാക്കപ്പെടുകയും ചെയ്യുന്നു.

ഈ സമയത്ത് തന്റെ ജീവിതം അല്ലാഹുവിന്റെ തൃപ്തിക്ക് അനുസരിച്ച് കഴിച്ചു കൂട്ടിയ ഒരു വ്യക്തിത്വത്തെ കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്. ഈ അനുസ്മരണം ബഹുമാന്യ സാഹിബ് സാദി അമത്തുൽ ഖുദ്ദൂസ് സാഹിബയുടേതാണ്. അവർ ഹദ്റത് മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ മകളും സാഹിബ് സാദാ മിർസാ വസീം അഹ്മദ് സാഹിബ് മർഹൂമിന്റെ ഭാര്യയുമായിരുന്നു. ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ മരുമകളുമാകുന്നു. ഇവർ ഖാദിയാനിലാണ് താമസിച്ചിരുന്നത്. എന്നാൽ തന്റെ പെണ്മക്കളുടെ അടുത്ത് വന്നു കുറച്ച് കാലം റബ്‌വയിൽ ആയിരുന്നു. അവിടെവച്ച് 96 മത്തെ വയസ്സിൽ വഫാത്തായി. اِنَّا لِلّٰہِ وَاِنَّاۤ اِلَیۡہِ رٰجِعُوۡنَ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1/9 ന്റെ മൂസിയ ആയിരുന്നു. അവരുടെ ജീവിതത്തിന്റെ ചില സംഭവങ്ങൾ ഞാൻ അനുസ്മരിക്കുന്നതാണ്.

1951 ലെ ജൽസ സാലാനയുടെ വേളയിൽ ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത് മിർസാ വസീം അഹ്മദ് സാഹിബിന്റെ നിക്കാഹ് വിളംബരം നടത്തി. ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി വിവാഹ അവസരത്തിൽ തന്റെ മകന്റെ ഭാഗത്ത് നിന്ന് അല്ല, മറിച്ച് പെൺകുട്ടിയുടെ ഭാഗത്ത് നിന്ന് ആണ് പങ്കെടുത്തത്.

അല്ലാഹു ഇവർക്ക് മൂന്ന് പെൺമക്കളെയും ഒരു മകനെയും നൽകി അനുഗ്രഹിച്ചു. ഒരു മകൾ അമത്തുൽ അലീം സാഹിബ ഇപ്പോൾ പാകിസ്ഥാൻ സദർ ലജ്നയാണ്. ഇവർ തഹ്‌രീക് ജദീദ് വക്കീലുൽ അഅ്‌ല മൻസൂർ അഹ്മദ് ഖാൻ സാഹിബിന്റെ ഭാര്യയാകുന്നു. മറ്റൊരു മകൾ അമത്തുൽ കരീം സാഹിബ, ക്യാപ്റ്റൻ മാജിദ് സാഹിബിന്റെ ഭാര്യയാകുന്നു. മറ്റൊരു മകൾ അമത്തു റഊഫ് സാഹിബ ഡോക്ടർ ഇബ്‌റാഹീം മുനീർ സാഹിബിന്റെ ഭാര്യയാണ്. അവരുടെ മകൻ മിർസാ കലീം അഹ്മദ് അമേരിക്കയിലാണ് താമസിക്കുന്നത്.

വിവാഹ ആവശ്യാർഥം (പാകിസ്താനിൽ) വന്നതായിരുന്ന മിർസാ വസീം അഹ്മദ് സാഹിബ് വിവാഹം കഴിഞ്ഞ് ഏതാനും ദിവസങ്ങളെ ആയിട്ടുണ്ടായിരുന്നുള്ളു. ഭാര്യയെ കൂടെ കൊണ്ടുവരുന്നതിന് കടലാസുകൾ തയ്യാറാക്കുകയായിരുന്നു. ഇൻഡോ-പാക് ബന്ധങ്ങളിൽ ഏറ്റക്കുറച്ചിലുകൾ വന്നുകൊണ്ടിരിക്കുന്നത്പോലെ ആ ദിവസങ്ങളിലും അത്തരം അസ്വസ്ഥതകൾ ഉണ്ടായിരുന്നു. ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) അദ്ദേഹത്തോട് പറഞ്ഞു. ഭാര്യയുടെ കടലാസുകൾ എല്ലാം ക്ലിയർ ആകും.

നീ അവളെവിട്ട് തിരിച്ച് ഖാദിയാനിലേക്ക് പോകുക. കാരണം അവിടെ ഹദ്റത് മസീഹ് മൗഊദ്[അ]ന്റെ കുടുംബത്തിലെ ഒരു വ്യക്തി ഉണ്ടാകേണ്ടതാണ്.

ഉടൻ തന്നെ വിമാനത്തിൽ സീറ്റ് ബുക്ക് ചെയ്യുക. വിമാനത്തിൽ സീറ്റ് കിട്ടുന്നില്ലെങ്കിലും നീ അവിടെ ഉടനെ പോകേണ്ടത് അനിവാര്യമാണ്; ചാർട്ടർ വിമാനം ചെയ്തിട്ടാണെങ്കിലും ശരി. തുടർന്ന് പറഞ്ഞു. നീ അവിടെ ഇല്ലാതാകുകയും സ്വന്തം മാതൃക സമർപ്പിക്കാതിരിക്കുകയും ത്യാഗങ്ങൾ ചെയ്യാതിരിക്കുകയുമാണെങ്കിൽ പിന്നെ എങ്ങനെയാണു ജനങ്ങൾ ത്യാഗം ചെയ്യുക. ഇത് മിർസാ വസീം അഹ്മദ് സാഹിബിന്റെ ത്യാഗത്തെ പോലെ തന്നെ സാഹിബ്സാദി അമത്തുൽ ഖുദ്ദൂസ് സാഹിബയുടെയും ത്യാഗമായിരുന്നു. എപ്പോഴാണ് കടലാസുകൾ എല്ലാം ശരിയാവുക എന്ന് അറിയില്ലായിരുന്നു. അവസ്ഥകൾ കൂടുതൽ സങ്കീർണമാകുമോ എന്നും അറിയില്ല. പക്ഷെ കാലത്തിന്റെ ഖലീഫയുടെ കല്പനയാണ്. അതുകൊണ്ട് അവർ വളരെ സന്തോഷപൂർവ്വം തന്റെ ഭർത്താവിനെ യാത്രയാക്കി. ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകി.

പിന്നീട് കടലാസുകൾ എല്ലാം ശരിയായി വിവാഹത്തിന് ഒരു വർഷത്തിന് ശേഷം ഖാദിയാനിലേക്ക് പുറപ്പെടുമ്പോൾ ഹദ്റത് മുസ്‌ലിഹ് മൗഊദ് അവരോട് പ്രത്യേകം ഉപദേശിച്ച് കൊണ്ട് പറഞ്ഞു: ഉമ്മെ നാസിറിന്റെ വീട്ടിലാണ് താമസിക്കേണ്ടത്. അവിടെ ഹദ്റത് മസീഹ് മൗഊദ്[അ]ന്റെ കാലടികൾ ധാരാളമായി പതിഞ്ഞിട്ടുണ്ട്. അതിന്റെ മുറ്റത് ഹുസൂർ[അ] ദർസും കൊടുത്തിട്ടുണ്ടായിരുന്നു.

ഹദ്റത് മുസ്‌ലിഹ് മൗഊദ്[റ]ന്റെ നിർദേശപ്രകാരം സാഹിബ് സാദി അമത്തുൽ ഖുദ്ദൂസ് സാഹിബ ഖാദിയാനിൽ പോയി ജമാഅത്തിലെ സ്ത്രീകളെ ഒരുമിച്ച് കൂട്ടുന്നതിലും ഓർഗനൈസ് ചെയ്യുന്നതിലും വലിയ പങ്ക് ആണ് നിർവഹിച്ചത്.

ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് ലണ്ടനിൽ എത്തിയതിന്ശേഷം നൽകിയ ഒന്നാമത്തെ ഖുത്ബയിൽ ഇസ്‌ലാമിന്റെ പ്രചാരണത്തിന് വേണ്ടി രണ്ടു പുതിയ കേന്ദ്രങ്ങൾ യൂറോപ്പിൽ ഉണ്ടാക്കാൻ വളരെ വിപുലമായ പദ്ധതി വിളംബരപ്പെടുത്തി. അതിൽ പങ്കെടുക്കുന്നതിന്വേണ്ടി ജനങ്ങളോട് ആഹ്വാനം ചെയ്യുകയുമുണ്ടായി. സാഹിബ്സാദി അമത്തുൽ ഖുദ്ദൂസ് സാഹിബ ലജ്ന ഇമാഇലാഹ് ഭാരതിന്റെ സദർ ആയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലജ്ന ഇമാഇല്ലാഹ് ഭാരതിനു ഹുസൂറിന്റെ ഈ പദ്ധതിയിൽ ആവേശപൂർവ്വം പങ്കാളികളാകുന്നതിനു ഭാഗ്യം ലഭിച്ചു. അവർ സ്വന്തം നിലക്കും തന്റെ എല്ലാ ആഭരണങ്ങളും അതിലേക്ക് സമർപ്പിച്ചിരുന്നു.

1991 ൽ ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് ഖാദിയാനിൽ പോയിരുന്നു. അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ത്യയിലെ എല്ലാ ലജ്നകളെ കുറിച്ചും പറയാൻ സാധ്യമല്ലെങ്കിൽപോലും ഖാദിയാനിലെ ലജ്നകളെ കുറിച്ച് സാമ്പത്തിക ത്യാഗത്തിൽ അവർ അനുപമമായ മാതൃക കാണിക്കുന്നവരാണ് എന്ന് എനിക്ക് പറയാൻ കഴിയുന്നതാണ്.

ഹദ്റത് മുസ്‌ലിഹ് മൗഊദ്[റ] അവരെ ഖാദിയാനിലേക്ക് അയക്കുമ്പോൾ ജമാഅത്തിലെ ലജ്നകളെ സംഘടിപ്പിക്കാൻ ഉപദേശിക്കുകയുണ്ടായി. അവർ അവിടെ എത്തിയ ഉടനെ തന്നെ ആദ്യം ഖാദിയാന്റെ ജനറൽ സെക്രട്ടറി ആയി. 55 ൽ പ്രാദേശിക ലജ്ന സദ്റും പിന്നീട ലജ്ന ഭാരതിന്റെ സദർ ആയും തിരഞ്ഞെടുക്കപ്പെട്ടു. അവരുടെ സേവന കാലഘട്ടം 46 വർഷമായിരുന്നു.

അവർ വളരെ ഏറെ വിശുദ്ധ ഖുർആനിന്റെ സേവനത്തിലും ഉണ്ടായിരുന്നു. ഖാദിയാനിലെ 250 ൽ അധികം പെൺകുട്ടികൾക്ക് വിശുദ്ധ ഖുർആൻ പഠിപ്പിച്ച് കൊടുത്തിട്ടുണ്ട്. ഭാരതത്തിലെ പെൺകുട്ടികൾ FA , FSC തുടങ്ങിയവ പൂർത്തിയാക്കിയതിന്ശേഷം ഉള്ള ഇടവേളകളിൽ മൂന്ന് മാസത്തോളം ഖാദിയാനിൽ വന്നു താമസിക്കുമായിരുന്നു. ഇവർക്ക് ഖുർആൻ തർജമ പഠിപ്പിക്കുമായിരുന്നു. ഇവർ ലജ്നകളെ വളരെയധികം സംഘടിപ്പിച്ചു. അതിഥി സത്കാരം അസാധാരണമായ ഗുണമായിരുന്നു. അവരുടെ മകൾ പറയുന്നു: ഉമ്മ എപ്പോഴും ഞങ്ങളുടെ ഉപ്പയുടെ കൂടെ സഹായിയായി നിലകൊണ്ടു. വളരെ ദാരിദ്ര്യമുള്ള അവസ്ഥയായിരുന്നു. ഉച്ചക്ക് ചെറുപയർ പരിപ്പ് മാത്രമാണ് ഉണ്ടായിരുന്നത്. ഉപ്പ പാലിനും തൈരിനും വേണ്ടി ഒരു എരുമയെ വളർത്തിയിരുന്നു. ഏതെങ്കിലും അഥിതി വന്നാൽ എന്ത് ഭക്ഷണമാണോ തയ്യാറായിട്ട് ഉണ്ടായിരുന്നത് അത് ഒരു ഔപചാരികതയും ഇല്ലാതെ സമർപ്പിക്കുമായിരുന്നു. (പിന്നീട് അവസ്ഥകൾ നന്നായി തീർന്നപ്പോൾ അതനുസരിച്ചുള്ള ഭക്ഷണം നൽകുമായിരുന്നു.)

അവർ നല്ലൊരു ഭാര്യയായിരുന്നു. എല്ലാ സമയത്തും, പ്രയാസങ്ങളിലും കൂടെ നിൽക്കുമായിരുന്നു. ഒരിക്കലും ഒരു സാധനവും ആവശ്യപ്പെടുമായിരുന്നില്ല. എന്താണോ ജീവിക്കാൻ കിട്ടിയിരുന്നത് അതിൽ സന്തോഷത്തോടെ ജീവിതം കഴിച്ച് കൂട്ടിയിരുന്നു. വളരെ വൃത്തി ഇഷ്ടപ്പെടുന്ന, കാര്യങ്ങൾ എല്ലാം ചൊവ്വയി ചെയ്യുന്ന ശീലമായിരുന്നു.

ആയുസ്സിന്റെ അവസാന ഘട്ടത്തിൽ കാഴ്ച നഷ്ടപ്പെട്ടിരുന്നു. ബാക്കി ഉണ്ടായിരുന്ന കേൾവി ശക്തിയും ഇല്ലാതായി കഴിഞ്ഞിരുന്നു. എന്നിട്ടും വളരെ സന്തോഷത്തോടു കൂടി ജീവിതം കഴിച്ച് കൂട്ടി. സുഖവിവരങ്ങൾ അന്വേഷിക്കുമ്പോൾ എപ്പോഴും അൽഹംദുലില്ലാഹ് എന്ന് പറയുമായിരുന്നു. കാലത്തിന്റെ ഖലീഫയുടെ ഭാഗത്തുനിന്ന് ഏതൊരു വിളമ്പരമുണ്ടാകുമ്പോഴും ഖാദിയാനിൽ നിന്നുള്ള ആദ്യത്തെ ചന്ദഃ മിർസാ വസീം അഹ്മദ് സാഹിബിന്റയെയും അദ്ദേഹത്തിന്റെ ഭാര്യയുടേതും ആയിരുന്നു. അവരുടെ മകൾ എഴുതുന്നു: ഞങ്ങൾ വിശുദ്ധ ഖുർആൻ ഓതുമ്പോൾ എന്തെങ്കിലും തെറ്റിയാൽ ഞങ്ങളുടെ ഉമ്മ ഏത് മുറിയിൽ ആണെങ്കിലും അവിടെനിന്നും അത് തിരുത്തുമായിരുന്നു. ഖുർആൻ മുഴുവനും മനഃപാഠമായത് പോലെ ആണ് അനുഭവപ്പെട്ടിരുന്നത്.

രോഗി ആണെങ്കിൽ പോലും ആരുടേയും സന്തോഷത്തിലും സന്താപത്തിലും തീർച്ചയായും പങ്കെടുക്കുമായിരുന്നു. (വിവിധ ഗണത്തിൽ പെട്ട ആളുകളുടെ) മക്കൾക്ക് തുന്നൽ പഠിപ്പിക്കുമായിരുന്നു. എല്ലാവരുമായി ഇഴുകി ചേർന്ന് ജീവിക്കുന്നതിനുള്ള ഒരു സംസ്കാരം അവർ വളർത്തിയെടുത്തിരുന്നു.

പാർട്ടീഷന് ശേഷം ലാഹോർ രത്തൻ ബാഗിലും പിന്നെ റബ്വയിലും പണി പൂർത്തിയാകാത്ത വീടുകളിൽ അവർ ഹദ്റത് അമ്മാ ജാന് വിശുദ്ധ ഖുർആനും മൽഫുസാത്തും ഓതികേൾപ്പിച്ചിരുന്നു.

അവർ തന്റെ വസിയ്യത്തിന്റെ ചന്ദയും ഹിസ്സ ജായിദാദും സ്വത്ത് വിഹിതവും തന്റെ ജീവിതത്തിൽ തന്നെ കൊടുത്തു വീട്ടിരിയിരുന്നു. തഹ്‌രീക് ജദീദിന്റെ ഒന്നാമത്തെ ലെഡ്ജറിലും ഉൾപ്പെട്ടിരുന്നു. അവർ തന്റെ മക്കളെ നമസ്കാരം അതിന്റെ ആദ്യഘട്ടത്തിൽ തന്നെ നിർവഹിക്കാൻ ഉപദേശിക്കുമായിരുന്നു. അവർ തുടർച്ചയായി നിരവധി പെൺകുട്ടികളെ സംരക്ഷിച്ചു നല്ലപോലെ പരിപാലിക്കുകയും അവർക്കു ശിക്ഷണം നൽകുകയും തുടർന്ന് അവരുടെ വിവാഹങ്ങളും നടത്തി കൊടുത്തിരുന്നു.

സാമ്പത്തിക അവസ്ഥ വളരെ മോശമായിരുന്ന ദർവേശി കാലഘട്ടത്തിൽ ഏതെങ്കിലും ദർവേശിന്റെ മകളുടെ വിവാഹം നടക്കുമ്പോൾ അവർക്ക് തന്റെ ആഭരണം കൊടുത്ത് ഇങ്ങനെ പറയുമായിരുന്നു. നീ ആഗ്രഹിക്കുന്നിടത്തോളം കാലം ഇത് അണിയുക. അതിനുശേഷം തിരിച്ച് തന്നാൽ മതി. തുടർന്ന് പിന്നീട് മറ്റൊരു ദർവേശിന്റെ മകളുടെ വിവാഹം ഉണ്ടാകുമ്പോൾ അത് അവർക്കും കൊടുക്കുമായിരുന്നു.

ആളുകൾ ആപ്പാജാന്റെ അടുക്കൽ അമാനത്തുകൾ കൊണ്ടുവന്നു വെക്കുമായിരുന്നു. (വിദ്യാഭ്യാസത്തിന്ശേഷം വെറുതെ ഇരിക്കുന്നവരെ ലജ്നയുടെ ഓഫീസിൽ വിളിച്ച് ജോലികൾ ചെയ്യിപ്പിച്ചിരുന്നു. അവരെ നല്ലപോലെ സത്കരിക്കുകയും ചെയ്തിരുന്നു.) കുട്ടികൾക്ക് മര്യാദകൾ പഠിപ്പിച്ച് കൊടുത്തിരുന്നു. (ഈ ശിക്ഷണം ലഭിച്ചത് കാരണം അവർക്ക് ജീവിതത്തിൽ യാതൊരു പ്രയാസവും അനുഭവപ്പെട്ടിരുന്നില്ല.) നിരവധി പെൺകുട്ടികൾക്കുള്ള വിവാഹ വസ്ത്രങ്ങൾ അവർ കൈകൊണ്ട് തുന്നി കൊടുത്തിരുന്നു. ഈദ് ദിവസം ദർവേശുമാരുടെ വിധവകളുടെ വീട്ടിലേക്ക് ഈദി നൽകുന്നതിന്വേണ്ടി സ്വയം പോയിരുന്നു.

അവരുടെ മകൻ പറയുന്നു: അതിഥികൾ അധികവും ദാറുൽ മസീഹിലാണ് തങ്ങിയിരുന്നത്. ഞങ്ങളുടെ ഉമ്മ 11 12 വയസ്സുള്ള കുട്ടികൾക്ക് എങ്ങനെയാണ് റൂമുകളിൽ ചൂടുവെള്ളം എത്തിക്കേണ്ടത് എന്നും അതിഥികളുടെ ആവശ്യങ്ങൾ എങ്ങനെയാണു ശ്രദ്ധിക്കേണ്ടത് എന്നും ട്രെയിനിങ് നൽകിയിരുന്നു. സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ഭാര്യമാർക്ക് ഇവർ ജമാഅത്തിനെ കുറിച്ച് പരിചയപ്പെടുത്തിരിയിരുന്നു. ദരിദ്രരായ ആളുകളെയും പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

മിയാ വസീം അഹ്മദ് സാഹിബിന്റെ വഫാത്തിനുശേഷം അവർ പത്ത് വർഷം ഖാദിയാനിൽ ജീവിച്ചു. രോഗം മൂർച്ഛിച്ചപ്പോൾ അവരുടെ മക്കൾ അവരെ റബ്വയിലേക്ക് കൊണ്ടു വന്നു. പക്ഷെ കാലത്തിന്റെ ഖലീഫയുടെ അനുമതി ഇല്ലെങ്കിൽ ഞാൻ ഖാദിയാനിൽനിന്ന് പുറത്ത് കൂടുതൽ താമസിക്കുന്നതല്ല എന്ന് എപ്പോഴും പറയുമായിരുന്നു. അവർ എനിക്ക് കത്തെഴുതിയപ്പോൾ ഞാൻ അവരോട് നിങ്ങൾ ആഗ്രഹിക്കുന്ന അത്രയും സമയം ഇവിടെ താമസിച്ചുകൊള്ളുക എന്ന മറുപടിയാണ് നൽകിയിരുന്നത്.

നിരവധി അമുസ്ലിംകളും ജനാസയിൽ പങ്കെടുത്തിരുന്നു. ഖാദിയാൻ നിവാസികൾക്ക് അവരോടും അവർക്ക് ഖാദിയാൻ നിവാസികളോടും വളരെയധികം സ്നേഹമായിരുന്നു. എനിക്ക് ഖാദിയാനിൽ നിന്ന് നിരവധി സ്ത്രീകളുടെ കത്തുകൾ വന്നിട്ടുണ്ട്. അവരുമായി ഏതെങ്കിലും രീതിയിൽ ബന്ധമുണ്ടായിരുന്ന സ്ത്രീകളും കത്തയച്ചിട്ടുണ്ട്.

അതുപോലെ തന്നെ ഖാദിയാനിലെ പഴയകാല ആൺകുട്ടികളും അവർ തങ്ങളെ ഉമ്മയെ പോലെ പരിപാലിച്ചു എന്നും എഴുതിയിട്ടുണ്ട്. ഖിലാഫത്തുമായുള്ള അവരുടെ ആത്മാർഥമായ ബന്ധത്തെക്കുറിച്ച് അവരുടെ മക്കളും എഴുതിയിട്ടുണ്ട്.

വിനയവും പൂർണമായ കൂറും മുഖേന ഹദ്റത് ഖലീഫത്തുൽ മസീഹ് സാനിയോട് അവർ പ്രകടിപ്പിച്ച കൂറുള്ള അതേ ബന്ധം മരണം വരെയും അവർ തുടർന്ന് വന്നു. ഇതൊരു മാതൃകയാണ്. ഇവിടെ എന്നെ കണ്ടപ്പോഴും വളരെ ആദരവോടെയാണ് കൂടിക്കാഴ്ച നടത്തിയത്. 2005 ൽ ഞാൻ ഖാദിയാനിൽ പോയപ്പോൾ വളരെ ചിന്താകുലയായി അതിഥി സത്കാരം നടത്താൻ ശ്രമിച്ചിരുന്നു. പിന്നെ എല്ലാ മുലാഖാത്തിലും സന്തോഷം ഉണ്ടായിരുന്നു. അത് അവരുടെ മുഖത്ത് പ്രകടമായിരുന്നു. 2005 ൽ ആരോഗ്യം മോശമായിരുന്നിട്ടും ഞാൻ തിരിച്ച് വരുമ്പോൾ ഖാദിയാനിൽ നിന്ന് ഡൽഹി വരെയും വന്നിരുന്നു. അല്ലാഹു അവരുടെ സ്ഥാനങ്ങൾ ഉയർത്തുകയും അവരുടെ മക്കൾക്കും അവരുടെ നന്മകൾ തുടർന്ന് കൊണ്ടുപോകാൻ തൗഫീഖ് നൽകുമാറാകട്ടെ. ഖാദിയാനിൽ ഉള്ളവരോട് അവർ കാണിച്ച സ്നേഹം പോലെ തന്നെ അവിടെയുള്ളവർക്ക് പരസ്പരം സ്നേഹത്തോടെ കഴിയാനും അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ.

ഇപ്പോൾ ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ കുടുംബവുമായി നേർക്ക് രക്തബന്ധമുള്ള ആരും അവിടെയില്ല. അവിടേക്ക് ആരെങ്കിലും പോകുന്നതിന് സാഹചര്യങ്ങൾ അല്ലാഹു അനുകൂലമാക്കിക്കൊള്ളട്ടെ. അല്ലാഹു മാർഹുമയുടെ പദവികൾ ഉയർത്തുമാറാകട്ടെ.

യുകെയിലെ മുഹമ്മദ് അർശദ് അഹ്മദി സാഹിബിന്റെ ജനാസ ഹാളിറും അഹ്മദ് ജമാൽ സാഹിബിന്റെ ജനാസ ഗായിബും ജുമുഅക്ക് ശേഷം നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തിക്കൊണ്ട് അവരുടെ ജമാഅത്തീ സേവനങ്ങളെ പരാമർശിക്കുകയും അവരുടെ മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനുംവേണ്ടി ഹുസൂർ തിരുമനസ്സ് ദുആ ചെയ്യുകയുണ്ടായി.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** [atba]

at Masjid Mubarak, Islamabad, Tilford, UK – on 15.09.2023

Malayalam Translation: **Moulavi H Shamsuddin Kavassery** For Malayalam Desk, Qadian.

Typing: Moulavi P.M Waseem Ahmad Chelakkara, Layout: Moulavi T Jamshad Mukkam

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**